**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 334** **05-12-2022 - ൽ മറുപടിയ്ക്ക്**

**റേഷൻ വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | അരിയുടെ വില വർദ്ധനവ് തടയുന്നതിന് വേണ്ടി മറ്റു സംസ്ഥാനങ്ങളിൽ നിന്ന് അരി ഇറക്കുമതി ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം ലഭ്യമാക്കാമോ; | (എ) | പൊതുവിപണിയിൽ അരി വില ഉയർന്ന് കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ വില നിയന്ത്രിക്കുന്നതിനായി ഇടനിലക്കാരെ ഒഴിവാക്കി മറ്റ് ഉല്പാദക സംസ്ഥാനങ്ങളിൽ നിന്ന് കുറഞ്ഞ വിലയ്ക്ക് അരി നേരിട്ടെത്തിക്കുന്നതിനായി നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ആവശ്യക്കാർക്ക് വിതരണം ചെയ്യാതെ അരി ഗോഡൗണുകളിൽ നശിച്ചുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | ഇത്തരത്തിൽ എത്രമാത്രം അരിയാണ് നശിച്ചുപോയിട്ടുള്ളതെന്നതിന്റെ കണക്ക് ലഭ്യമാണോ; വിശദമാക്കാമോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | മാസങ്ങളായി റേഷൻ കടകളിലൂടെ കാർഡ് ഉടമകൾക്ക് പുഴുക്കലരി നൽകാതെ പച്ചരി മാത്രം നൽകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതു പരിഹരിക്കാൻ എന്തൊക്കെ മാർഗ്ഗങ്ങളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ; | (ഡി) | FCI യിൽ നിന്നും ആവശ്യപ്പെട്ട ആളവിൽ പുഴുക്കലരി ലഭിക്കാതെ കൂടുതലായി പച്ചരി ലഭ്യമാകുന്ന സാഹചര്യമുണ്ട്. പുഴുക്കലരിയുടെ ലഭ്യത കുറവാണ് കാരണമെന്നാണ് FCI യിൽ നിന്നും അറിയിച്ചിട്ടുള്ളത്. 05.11.2022 ൽ ബഹു. ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ FCI ഉദ്യോഗസ്ഥരുമായി നടത്തിയ മീറ്റിംഗിൽ പുഴുക്കലരി ലഭ്യതയുടെ വിഷയത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുവാൻ നിർദ്ദേശം നല്കുകയും കൂടുതൽ പുഴുക്കലരി ലഭ്യമാക്കുന്നതിന് കേന്ദ്രത്തോട് ആവശ്യപ്പെടാനും ഇക്കാര്യം MP മാരുടെ ശ്രദ്ധയിൽപ്പെടുത്തുവാനും തീരുമാനിച്ചിരുന്നു. |
| (ഇ) | പച്ചരി ആവശ്യത്തിൽ അധികമായി സംഭരിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ആയത് അരിമാവ് ഉൾപ്പെടെയുള്ള ഉൽപ്പന്നങ്ങളാക്കി മാറ്റുന്നതിനും വിതരണം ചെയ്യുന്നതിനും സംവിധാനം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ; | (ഇ) | പച്ചരി അരിമാവ് ഉൾപ്പെടെയുള്ള ഉൽപ്പന്നങ്ങളാക്കി മാറ്റി വിതരണം ചെയ്യുന്നതിന് ഉദ്ദേശിക്കുന്നില്ല. സപ്ലൈകോ വഴി അരിപ്പൊടി, അപ്പപ്പൊടി എന്നിവ ശബരി ബ്രാൻഡിൽ വിപണിയിലിറക്കാൻ ഉദ്ദേശിക്കുന്നു. |

| | | | |
|---|---|---|---|
| (എഫ്) | നിലവിൽ കമ്മീഷൻ വെട്ടിക്കുറച്ചത് കാരണം റേഷൻ കട ഉടമകൾ നേരിടുന്ന പ്രയാസങ്ങൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ? | (എഫ്) | നിലവിൽ റേഷൻ വ്യാപാരികളുടെ കമ്മീഷൻ വെട്ടിക്കുറച്ചിട്ടില്ല. 2022 ഒക്ടോബർ വരെയുള്ള റേഷൻ ഭക്ഷ്യധാന്യവിതരണത്തിന്റെ കമ്മീഷൻ പൂർണ്ണമായും അനുവദിച്ചു നൽകിയിട്ടുണ്ട്. നവംബർ മാസത്തെ കമ്മീഷൻ നൽകുന്നതിന് ഫണ്ട് ലഭ്യമാക്കി നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ